പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2375 — 18.02.2016 -ൽ മറുപടിക്ക്

## സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ :<br>ശ്രീമതി. പി. അയിഷാ പോറ്റി :<br>ഡോ. കെ. ടി. ജലീൽ :<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ നിലവിലില്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതാണെന്ന, 2011-12, 2012-13 വർഷങ്ങളിലെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; | (എ) | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ നിലവിലില്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതാണെന്ന 2011-12, 2012-13 വർഷങ്ങളിലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 2012-13 ബഡ്ജറ്റിൽ 35 കോടി രൂപ നീക്കി വച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 25.03.2013-ലെ സ.ഉ.(സാധാ) നം. 1069/2013/ആ.കു.വ, 25.03.2013-ലെ സ.ഉ.(സാധാ) നം. 1070/2013/ആ.കു.വ. എന്നീ ഉത്തരവുകൾ പ്രകാരം താഴെ പറയുന്ന ജില്ലകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.<br><br>1. കോട്ടയം<br>2. തൃശ്ശൂർ<br>3. മലപ്പുറം<br>4. വയനാട്<br>5. തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി (ശക്തിപ്പെടുത്തൽ) |
| (ബി) | ഏതെല്ലാം ജില്ലകളിൽ ഇത്തരം പുതിയ ആശുപത്രികൾ പ്രവർത്തന സജ്ജമായി ; എത്ര ആശുപത്രികൾ നിർമ്മിച്ചു ; | (ബി) | നിലവിൽ പ്രസ്തുത ആശുപത്രികൾ ആയതിന്റെ വിവിധ നിർമ്മാണ ഘട്ടങ്ങളിലാണ്. മലപ്പുറം പൊന്നാനിയിൽ കെട്ടിടത്തിന്റെ പണികൾ 14.07.2009-ലെ സ.ഉ.(സാധാ)നം. 1046/2009/ പൊ.മ.വ. എന്ന സർക്കാർ ഉത്തരവ് പ്രകാരവും, |

(......2)

25.03.2013-ലെ സ.ഉ.(സാധാ) നം. 1069/2013/ആ.കു.വ, 25.03.2013-ലെ സ.ഉ.(സാധാ) നം. 1070/2013/ആ.കു.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരവും അനുവദിച്ച തുക ചിലവഴിച്ച് പണി പൂർത്തിയായിയിട്ടുണ്ട്. പ്രസ്തുത ആശുപത്രിയിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

(സി) പ്രസ്തുത ആശുപത്രികൾ ഇല്ലാത്ത ജില്ലകളിൽ എന്നത്തേക്ക് ഇവ സ്ഥാപിക്കും ; അതിനായി വകയിരുത്തിയതും ഇതുവരെ ചെലവഴിച്ചതുമായ തുക എത്രയെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത ആശുപത്രികൾ ഇല്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതിനും നിലവിൽ ഉള്ളവയെ ശക്തിപ്പെടുത്തുന്നതിനുമായി ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റ് പ്രഖ്യാപനത്തിൽ തുക വകയിരുത്തുകയും അവ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടന്നു വരുകയുമാണ്.

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ നിലവിലില്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയെ ശക്തിപ്പെടുത്തുന്നതിനുമായി വിവിധ ബഡ്ജറ്റുകളിലായി നീക്കി വച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

**2012-13 - 35 കോടി രൂപ**

**2013-14 - 10 കോടി രൂപ**

1. ഡബ്ല്യു & സി ആശുപത്രി, കാസർഗോഡ് - 360 ലക്ഷം രൂപ
2. ഡബ്ല്യു & സി ആശുപത്രി, കോന്നി, പത്തനംതിട്ട - 311 ലക്ഷം രൂപ
3. ഡബ്ല്യു & സി ആശുപത്രി, മാങ്ങാട്ടുപറമ്പ, കണ്ണൂർ - 329 ലക്ഷം രൂപ

**2014-15 - 1095 ലക്ഷം രൂപ**

1. ഡബ്ല്യു & സി ആശുപത്രി, തൈക്കാട്, തിരുവനന്തപുരം - 195 ലക്ഷം രൂപ
2. താലൂക്ക് ആശുപത്രി, കോന്നി, പത്തനംതിട്ട - 319 ലക്ഷം രൂപ
3. ഗവൺമെന്റ് വിക്ടോറിയ ആശുപത്രി, കൊല്ലം - 200 ലക്ഷം രൂപ
4. ഡബ്ല്യു & സി ആശുപത്രി, കാഞ്ഞങ്ങാട്, കാസർഗോഡ് - 381 ലക്ഷം രൂപ

ഒറ്റത്തവണ അധിക കേന്ദ്ര ധനസഹായം ലഭിച്ചിട്ടില്ല.

(.....3)

| | | | |
|---|---|---|---|
| | | | **2015-16 വകയിരുത്തിയത്**<br><br>**(State Share - 650 ലക്ഷം രൂപ**<br><br>**One time ACA - 500 ലക്ഷം രൂപ)**<br>(ഒറ്റത്തവണ അധിക കേന്ദ്ര സഹായം 2015-16 ലഭ്യമായിട്ടില്ലാത്തതിനാൽ ഭരണാനുമതി നാളിതു വരെ ലഭിച്ചിട്ടില്ല)<br><br>1. ഡബ്ല്യൂ & സി ആശുപത്രി, അടിമാലി, ഇടുക്കി - 450 ലക്ഷം രൂപ<br>2. ഡബ്ല്യൂ & സി ആശുപത്രി, കാസർഗോഡ് - 200 ലക്ഷം രൂപ<br><br>**(3rd instalment)**<br>ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ഡി) | മുൻസർക്കാർ മാതൃകാപരമായി വിപുലീകരിച്ച തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി മെഡിക്കൽ കോളേജായി മാറ്റാൻ നീക്കമുണ്ടോ ; ഇതിനു പകരം ആശുപത്രി വികസിപ്പിച്ചിട്ടുണ്ടോ ? | (ഡി) | തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും, തിരുവനന്തപുരം ജനറൽ ആശുപത്രിയും ചേർത്ത് പുതിയ മെഡിക്കൽ കോളേജാക്കി മാറ്റി കൊണ്ട് 16.06.2015 -ൽ സ.ഉ.(സാധാ)നം.1821/2015/ആ.കു.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ